നമ്പർ- 596/2022(PR)

വില്ലേജ് ഓഫീസ്,ഇരട്ടയാർ

തിയതി-29/12/2022

വില്ലേജ് ഓഫീസർ
ഇരട്ടയാർ

തഹസിൽദാർ(LR)
ഉടുമ്പൻചോല

സർ,

വിഷയം- ജലജീവൻ മിഷൻ പദ്ധതിക്കായി കേരള വാട്ടർ അതോറിറ്റി കണ്ടെത്തിയിട്ടുള്ള സ്ഥലത്തിന്റെ അന്വേഷണ റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുന്നത് സംബന്ധിച്ച്

സൂചന-(1). തഹസിൽദാർ ഉടുമ്പൻചോലയുടെ 21.12.2022 ലെ TLKDUM/2717/2022-G3 നമ്പർ കത്ത്

(2). ജില്ലാ കളക്ടർ ഇടുക്കിയുടെ 1.12.2022 ലെ DCIDK/7409/2022-C9 നമ്പർ കത്ത്

ദയവായി സൂചന കണ്ടാലും,ഇരട്ടയാർ വില്ലേജിൽ നടപ്പിലാക്കുന്ന ജല ജിവൻ മിഷൻ പദ്ധതിയുടെ ഭാഗമായി അടയാളക്കല്ല് എന്ന സ്ഥലത്ത് 1.3LL ശേഷിയുള്ള ജലസംഭരണി നിർമ്മിക്കുന്നതിന് കണ്ടെത്തിയ സ്ഥലം അനുവദിക്കുന്നതിലേയ്ക്കായി ടി സ്ഥലം നേരിൽ പരിശോധിച്ചു.

ടി സ്ഥലം അടയാളക്കല്ല് എന്ന സ്ഥലത്തു സ്ഥിതി ചെയ്യുന്ന അടയാളക്കല്ല് ശ്രീ ഭദ്രകാളി ക്ഷേത്രത്തിന്റെ അധീനതയിലുള്ള ഭൂമിയാണെന്ന് അന്വേഷണത്തിലറിയുന്നു.അഖിലഭാരത അയ്യപ്പ സേവാ സംഘം എന്ന സംഘടനയുടെ(Reg.No.308)അധീനതയിലുള്ളതാണ് ടി ക്ഷേത്രവും ക്ഷേത്രം സ്ഥിതി ചെയ്യുന്ന സ്ഥലവും. കേരളവാട്ടർഅതോറിറ്റിയുടെ ഉടമസ്ഥതയിൽ ടി ക്ഷേത്രത്തിന്റെ അധീനതയിലുള്ള ഭൂമിയിൽ ടി ക്ഷേത്രത്തിന് 20 മീറ്റർ പടിഞ്ഞാറു ഭാഗംമാറി നിലവിൽ 25000 ലിറ്റർ സംഭരണ ശേഷിയുള്ള ഒരു വാട്ടർ ടാങ്ക് സ്ഥാപിച്ചിട്ടുള്ളതും ആയതിൽനിന്നും ടി അടയാളക്കല്ല് ഭാഗത്തുള്ള ജനങ്ങൾക്ക് കുടി വെള്ളം നൽകി വരുന്നതുമാകുന്നു.

നിലവിലുള്ള വാട്ടർ ടാങ്കിനോട് ചേർന്ന് 1.3LL ശേഷിയുള്ള പുതിയ വാട്ടർ ടാങ്ക് സ്ഥാപിക്കുന്നതിന് 2-സെന്റ് സ്ഥലം അനുവദിച്ചു കിട്ടുന്നതിനാണ് അപേക്ഷ സമർപ്പിച്ചിരിക്കുന്നത്. വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥർ കാണിച്ചു തന്ന സ്ഥലം പരിശോധിച്ചു. 9 മീറ്റർ നീളം,9 മീറ്റർ വീതിയുള്ള സമചതുരത്തിലുള്ള 2-സെന്റ് സ്ഥലത്തിന്റെ ലൊക്കേഷൻ സ്കെച്ച് ഇതോടൊപ്പം ചേർത്തു സമർപ്പിക്കുന്നു.

ടി സ്ഥലം ക്ഷേത്ര സമിതിയുടെ അധീനതയിലുള്ള ഭൂമിയാകുന്നു.നിലവിൽ സ്ഥാപിച്ചിരിക്കുന്ന വാട്ടർ ടാങ്കിന് സ്ഥലം നൽകിയിട്ടുള്ളതിനാൽ പുതിയ ടാങ്ക് നിർമ്മിക്കുന്നതിന് 2-സെന്റ് സ്ഥലം കൂടി വിട്ടുതരുന്ന വിഷയത്തിൽ ടി അഖില ഭാരത അയ്യപ്പ സേവാസംഘം വക ക്ഷേത്ര സമിതി(ക്ഷേത്ര ഭരണ സമിതി)നിലവിൽ സമ്മതം അറിയിച്ചിട്ടില്ലാത്തതാകുന്നു.ക്ഷേത്ര ഭാരവാഹികളുമായി സംസാരിച്ചതിൽ നിന്നും നിലവിൽ അനുകൂല പ്രതികരണം ലഭിച്ചിട്ടില്ല.

ഇരട്ടയാർ വില്ലേജ് റീ-സർവ്വെ നടപടികൾ പൂർത്തീകരിച്ചിട്ടില്ലാത്ത വില്ലേജ് ആകുന്നു.ആയതിനാൽ ടി സ്ഥലത്തിന്റെ FM sketch, മുതലായ രേഖകളൊന്നും ഇരട്ടയാർ വില്ലേജ് ഓഫീസിൽ ലഭ്യമല്ല.ആയതിനാൽ താലൂക്ക് സർവ്വയർ മുഖേന മേൽ പരിശോധന നടത്തി 2-സെന്റ് അളന്നു തിരിച്ച് സ്കെച്ച് തയ്യാറാക്കാവുന്നതായി കാണുന്ന വിവരം റിപ്പോർട്ടു ചെയ്യുന്നു.ക്ഷേത്ര ഭരണസമിതിയുടെ സമ്മതപത്രവും വാങ്ങേണ്ടതായി കാണുന്ന വിവരം റിപ്പോർട്ടു ചെയ്യുന്നു.ക്ഷേത്രഭരണസമിതിയിലെ ചുമതലക്കാരുടെ വിലാസം ചുവടെ ചേർക്കുന്നു.

(1) പ്രസിഡന്റ്

K.G.വാസുദേവൻനായർ
S/O ഗോപാലൻനായർ
കോരോത്ത് വീട്
ഇടിഞ്ഞമല പി.ഒ,
ഇരട്ടയാർ വില്ലേജ്.
PH.-9747813932

(2) സെക്രട്ടറി

സതീഷ് കമാർ
S/O രാഘവൻ നായർ
ചെമ്പകശ്ശേരിൽ വീട്
ഇടിഞ്ഞമല P.O
ഇരട്ടയാർ വില്ലേജ്
Ph.9747913295

(3) ജോയിന്റ് സെക്രട്ടറി


ശിവദാസൻ PP
S/O പാച്ചു ആചാരി
പുളുപ്പറമ്പിൽ (H)
ഇടിഞ്ഞമല PO
Ph.9846836399

താലൂക്ക് സർവ്വയർ മുഖാന്തിരം മേൽ പരിശോധന നടത്തി സ്കെച്ച് തയ്യാറാക്കി തുടർനടപടി സ്വീകരിക്കുന്നതിലേയ്ക്കായി ടി വിവരം റിപ്പോർട്ടു ചെയ്യുന്നു.

വിശ്വസ്തതയോടെ,

[signature] 29/12/22

VILLAGE OFFICER
ERATTAYAR




Sd/ 29/12/2022

VILLAGE OFFICER
ERATTAYAR

(43/2022

TLKUDM/2717/2022-G3

ഉടുമ്പൻചോല താലൂക്ക് ഓഫീസ്
മിനി സിവിൽ സ്റ്റേഷൻ
നെടുങ്കണ്ടം - 685553
ഫോൺ : 04868-232050
ഇ-മെയിൽ : tlkudm.ker@nic.in
തീയതി : 21-12-2022

തഹസിൽദാർ (ഭൂരേഖ)
ഉടുമ്പൻചോല

വില്ലേജാഫീസർ
ഇരട്ടയാർ

സർ,

വിഷയം : ജലജീവൻ മിഷൻ പദ്ധതിക്കായി കേരളാ വാട്ടർ അതോറിറ്റി കണ്ടെത്തിയിട്ടുള്ള സ്ഥലത്തിന്റെ അന്വേഷണ റിപ്പോർട്ട് ലഭ്യമാക്കുന്നത് - സംബന്ധിച്ച്.

സൂചന : 1) ജില്ലാ കളക്ടറുടെ 01.12.2022 തീയതിയിലെ DCIDK/7409/2022-C9 നമ്പർ കത്ത്.

2) എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരളാ വാട്ടർ അതോറിറ്റി, കട്ടപ്പന യുടെ 26.11.2022 തീയതിയിലെ AB-293/2020/JJM/LANDനമ്പർ കത്തും, റിക്വിസിഷനും

മേൽ സൂചന കാണുക. ഇരട്ടയാർ വില്ലേജിൽ നടപ്പിലാക്കുന്ന ജൽ ജീവൻ മിഷൻ മിഷൻ പദ്ധതിയുടെ ഭാഗമായി അടയാളക്കല്ല് എന്ന സ്ഥലത്ത് 1.3 LL ശേഷിയുള്ള ജലസംഭരണി നിർമിക്കുന്നതിന് സ്ഥലം അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരളാ വാട്ടർ അതോറിറ്റി, കട്ടപ്പന സമർപ്പിച്ച അപേക്ഷ സൂചന (1) പ്രകാരം ലഭ്യമായിട്ടുള്ളതാണ്. ടി സ്ഥലം പരിശോധന നടത്തി വിശദമായ റിപ്പോർട്ട് അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്. കേരള വാട്ടർ അതോറിറ്റി സമർപ്പിച്ച റിക്വിസിഷന്റെ പകർപ്പ് ഇതോടൊപ്പം ചേർക്കുന്നു.

വിശ്വസ്തതയോടെ,

Signed by
Chandrakumar K
Date: 21-12-2022 14:23:05

DCIDK/7409/2022-C9

2022

DCIDK/7409/2022-C9

ജില്ലാ കളക്ടറുടെ കാര്യാലയം, ഇടുക്കി
പൈനാവ് പി.ഒ, കുയിലിമല – 685603
ഫോൺ : 04862-232242, 04862-232303
ഇ-മെയിൽ : dcidk.ker@nic.in, ഫാക്സ് : 04862-233101

**തീയതി : 01-12-2022**

ജില്ലാ കളക്ടർ
ഇടുക്കി

തഹസിൽദാർ ( ഭൂരേഖ)
ഉടുമ്പൻചോല

സർ,

വിഷയം:-ജൽ ജീവൻ മിഷൻ പദ്ധതിക്കായി സ്ഥലം അനുവദിച്ച് നൽകണമെന്ന അപേക്ഷ സംബന്ധിച്ച്

സൂചന :-1. എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോരിറ്റി, പ്രോജക്ട് ഡിവിഷൻ കട്ടപ്പന യുടെ 26.11.22 തീയതിയിലെ AB-293/2020/JJMLAND നമ്പർ അപേക്ഷ

സൂചന ശ്രദ്ധിക്കുക. ഇരട്ടയാർ വില്ലേജിൽ നടപ്പിലാക്കുന്ന ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി അടയാളക്കല്ല് എന്ന സ്ഥലത്ത് 1.3LL ശേഷിയുള്ള ജലസംഭരണി നിർമ്മിക്കുന്നതിന് സ്ഥലം അനുവദിച്ച് നൽകണമെന്നാവശ്യപ്പെട്ട് സൂചന പ്രകാരം സമർപ്പിച്ച അപേക്ഷ റിപ്പോർട്ടിനായി ഇതോടൊപ്പം ചേർത്ത് അയക്കുന്നു.

വിശ്വസ്തതയോടെ,

Signed by
Jayakumar R
Date: 01-12-2022 15:26:47

JUNIOR SUPERINTENDENT
ജില്ലാ കളക്ടർക്കുവേണ്ടി

ഉള്ളടക്കം : സൂചന അപേക്ഷ

പകർപ്പ് :

1. വില്ലേജാഫീസർ
ഇരട്ടയാർ ( വാട്ടർ അതോരിറ്റി ഉദ്യോഗസ്ഥരുമായി ബന്ധപ്പെട്ട് സംയുക്ത പരിശോധന നടത്തി റിപ്പോർട്ട് തഹസിൽദാർക്ക് അയച്ചു നൽകി പകർപ്പ് ഈ

## കൈപ്പറ്റ് രസീത്

താലൂക്കാഫീസ്, ഉടുമ്പൻചോല

നമ്പർ G3 41204/22

തീയതി: 31/12/22

പേര് : Executive Engineer

മേൽവിലാസം : KWA KATTAPPANA

താങ്കൾ ഇന്നേദിവസം ഈ ആഫീസിൽ നൽകിയിരിക്കുന്ന അപേക്ഷ/പരാതി/റിപ്പോർട്ട് മുകളിൽ സൂചിപ്പിച്ചിട്ടുള്ള നമ്പർ നൽകി കൈപ്പറ്റിയിരിക്കുന്നു. ഈ വിഷയവുമായി ബന്ധപ്പെട്ട് തുടരന്വേഷണത്തിന് ഈ ആഫീസിലെ........................G3........................ വിഭാഗത്തിൽ അല്ലെങ്കിൽ താഴെപ്പറയുന്ന ഫോൺ നമ്പരിൽ ബന്ധപ്പെടേണ്ടതാണ് എന്ന് അറിയിച്ചുകൊള്ളുന്നു.

തഹസീൽദാർക്കുവേണ്ടി അപേക്ഷ സ്വീകരിച്ച ഉദ്യോഗസ്ഥന്റെ

പേര്

തസ്തിക

ഒപ്പും തീയതിയും

TALUK OFFICE RECEPTION Date......... UDUMBANCHOLA

Ph: 04868 232050,Email-Udumbancholataluk@gmail.com